Sect. 37. 3/525/2009/1 Lakh GPM. © Govt. of Kerala

**GOVERNMENT OF KERALA**

നം. 58037/ഡിസി1/10/തസ്വഭവ.

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 25-9-2010.

## സർക്കുലർ

വിഷയം:- ഗാന്ധിജയന്തി / ഗ്രാമവികസന വാരം 2010 - ശുചിത്വ കാമ്പയിനും വികസനപ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തുന്നത് - സംബന്ധിച്ച്.

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ ഒരാഴ്ചക്കാലം ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ഗ്രാമവിസനവാരമായി ആചരിച്ചു വരികയാണ്. ഈ വാരക്കാലത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ശുചിത്വ പ്രവർത്തനങ്ങളും വികസന പരിപാടികളും ഊർജ്ജിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മാലിന്യമുക്ത കേരളം കർമ്മപരിപാടി, കുടുംബശ്രീ പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, ഭവനപദ്ധതികൾ, ജനകീയാസൂത്രണ പ്രവർത്തനങ്ങൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവപ്രകാരം തുടങ്ങിയ പ്രവർത്തികളുടെയും പ്രോജക്റ്റുകളുടെയും നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിനും തുടങ്ങിയ പദ്ധതികൾ ഈ കാലയളവിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിരിക്കേണ്ടതാണ്.

നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവ പരസ്പര പൂരകങ്ങളാകും വിധം ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിലൂടെ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ജില്ലാതലത്തിൽ പദ്ധതി നിർവ്വഹണത്തിൽ പങ്കാളികളായ ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകളും പരിശീലന പരിപാടികളും ഈ കാലയളവിൽ സംഘടിപ്പിക്കേണ്ടതാണ്.

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ന് പൊതുസ്ഥലങ്ങളിലെയും പൊതുസ്ഥാപനങ്ങളിലെയും സ്കൂളുകളിലെയും ശുചീകരണ പ്രവർത്തനങ്ങൾ ബഹുജനപങ്കാളിത്തത്തോടെ വിപുലമായി സംഘടിപ്പിക്കേണ്ടതാണ്. എല്ലാ തദ്ദേശ സ്ഥാപനത്തിലും ഈ വാരാചരണത്തിന്റെ ഔപചാരികമായ തുടക്കം ഉദ്ഘാടന

യോഗങ്ങൾ ഒഴിവാക്കി ഒക്ടോബർ 2ന് നടക്കണം. വാർഡ് തലത്തിലും അയൽക്കൂട്ടതലത്തിലും പരിസര ശുചിത്വത്തിന്റെ പ്രവർത്തനം നടക്കണം.

ഒക്ടോബർ 3ന് പ്ലാസ്റ്റിക് മാലിന്യം ഉയർത്തുന്ന പ്രശ്നങ്ങളും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിന്റെ ആവശ്യകതയും ഇതിനുപകരമായി ഉപയോഗയോഗ്യമാക്കുന്ന വസ്തുക്കളുടെ പ്രചാരണം വികേന്ദ്രീകൃതമായി ഖരമാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം എന്നിവ വ്യക്തമാക്കുന്ന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ഒക്ടോബർ 4ന് സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഏറ്റെടുത്ത ശുചിത്വ പ്രവർത്തനങ്ങൾ തുടർന്ന് സംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യണം. ഓഫീസിന്റെ/ സ്ഥാപനത്തിന്റെ കർമ്മ പരിപാടിയുടെ പുരോഗതി ജീവനക്കാരുടെ സ്റ്റാഫ് മീറ്റിംഗിൽ വിലയിരുത്തുകയും ആഫീസിന്റെ അകത്തെ ശുചീകരണ പ്രവർത്തനങ്ങളും റിക്കോർഡുകളുടെ ക്രമീകരണവും ഈ ദിവസം നടത്തേണ്ടതാണ്. ആഫീസിൽ എത്തുന്ന പൊതു ജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിനും, ഇരിക്കുന്നതിനും, കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.

ഒക്ടോബർ 5ന് സ്കൂൾ ശുചിത്വ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി സ്കൂൾ തലത്തിൽ ഏറ്റെടുത്ത് നടത്തണം. എല്ലാ സ്കൂളുകളിലും 'തെളിമ' പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ സ്കൂൾ ശുചിത്വസേനാ രൂപീകരണവും തുടർ പ്രവർത്തനങ്ങളും സംഘടിപ്പിക്കണം. പൊതുജനാരോഗ്യ പ്രവർത്തകരുടെ കൂടെ സഹായത്തോടെ സ്കൂൾ ശുചിത്വ ആരോഗ്യ പരിപാടിയ്ക്ക് രൂപം നൽകി ഔപചാരികമായി തുടക്കം കുറിക്കണം.

ഒക്ടോബർ 6ന് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്മാരേയും ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരേയും പങ്കെടുപ്പിച്ച് ജില്ലാതലത്തിൽ പരിശീലനപരിപാടികൾ / ശില്പശാലകൾ സംഘടിപ്പിക്കേണ്ടതാണ്. ഇ.എം.എസ്. ഭവന പദ്ധതി, ഇന്ദിരാ ആവാസ് യോജന എന്നീ പദ്ധതികളും ഇതര ഭവന നിർമ്മാണ പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്. പണി ആരംഭിച്ച

വീടുകളുടെ നിർമ്മാണവും പൂർത്തീകരണവും ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾക്കുള്ള രൂപ രേഖയും തയ്യാറാക്കണം.

ഒക്ടോബർ 7ന് തൊഴിലുറപ്പ് പദ്ധതിയിൽ പരാതി പരിഹാര സംവിധാനവും സുതാര്യതയും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ഉറപ്പാക്കുന്നതിന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കും ബ്ലോക്ക്/ഗ്രാമതല ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ഒക്ടോബർ 8ന് കുടുംബശ്രീ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ അവലോകനം ചെയ്യണം. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ച ചെറുകിട ഉൽപ്പാദനയൂണിറ്റുകളുടെ വിപണനത്തിന് പഞ്ചായത്ത് തലത്തിൽ കൂടുതൽ വിപണി കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും പിൻതുണയും നൽകണം. നവംബർ മാസം മുതൽ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കണം.

ഗാന്ധിജയന്തിയും / ഗ്രാമവികസനവാരവും സമുചിതമായി ആഘോഷിക്കുന്നതിന് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമേ ജില്ലയിലെ ഗ്രാമവികസനം. നഗരകാര്യം. പഞ്ചായത്ത് എന്നീ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ നേതൃത്വം നൽകേണ്ടതാണ്. ദാരിദ്ര്യ നിർമ്മാർജ്ജനയൂണിറ്റിലെ പ്രോജക്ട് ഡയറക്ടർ ത്രിതല പഞ്ചായത്തുകളുടെ സമാഹൃത റിപ്പോർട്ടുകളും നഗരസഭകളുടേത് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരും യഥാക്രമം 20-10-2010നകം ഗ്രാമവികസന കമ്മീഷണർ/നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

ഗാന്ധിജയന്തി / ഗ്രാമവികസന വാരാചരണത്തിന്റെ ചെലവിലേക്കായി 5000 രൂപയിൽ അധികരിക്കാത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതിയും ഇതിനാൽ നൽകുന്നു.

എസ്.എം. വിജയാനന്ദ്.
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കണം)
എല്ലാ നഗരസഭാ അധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും
(പകർപ്പ് നഗരകാര്യ ഡയറക്ടർ ലഭ്യമാക്കണം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും

(പകർപ്പ് ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കണം)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും

(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കണം)

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ. തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ. ശുചിത്വ മിഷൻ, പനവിള ജംഗ്ഷൻ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും

ഡയറക്ടർ. പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം.

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി(നഗരവികസനം) യുടെ പി.എ.

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ.